# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 168 — 07-08-2017 ൽ മറുപടിയ്ക്ക്

## പുതിയ ഫയർ സ്റ്റേഷനുകൾ

| ചോദ്യം<br>**ശ്രീ.വി.അബ്ദുറഹിമാൻ** | | മറുപടി<br>**ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
|---|---|---|
| എ) 2017-18 ബഡ്ജറ്റിൽ സംസ്ഥാനത്ത് പുതുതായി എത്ര ഫയർസ്റ്റേഷനുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; അവയിൽ നാളിതുവരെ എത്രയെണ്ണം പ്രവർത്തനം തുടങ്ങിയെന്നും ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | എ) | 2017-18 ലെ ബഡ്ജറ്റിൽ നാല് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അവയിൽ ഏലൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു. മറ്റുള്ളവ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ബി) ഇവയുടെ ഒരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ ;<br><br>സി) താനൂരിൽ പ്രഖ്യാപിച്ചിരുന്ന ഫയർസ്റ്റേഷൻ തുടങ്ങാനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;<br><br>ഡി) താനൂർ ഫയർ സ്റ്റേഷനുവേണ്ടി സ്ഥല - കെട്ടിട സൗകര്യങ്ങൾ സ്ഥിരമായോ താല്ക്കാലികമായോ കണ്ടെത്തിയിട്ടുണ്ടോ;<br><br>ഇ) താനൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എപ്പോഴേക്ക് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി), (സി), (ഡി) & (ഇ) | **പട്ടാമ്പി** - ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് കണ്ടെത്തിയ മുതുതല പഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് സമീപമുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലം പഞ്ചായത്ത് മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>**താനൂർ** - ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ഫയർ & റെസ്ക്യൂ വകുപ്പിന് ലഭ്യമാക്കുകയും ചെയ്യുന്നതിന് റവന്യൂ, പഞ്ചായത്ത് വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ടി സ്റ്റേഷനുവേണ്ടി താൽക്കാലിക കെട്ടിട സൗകര്യങ്ങളും കണ്ടെത്തിയിട്ടില്ല.<br>**ഉള്ളൂർ** - ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് മണ്ണന്തല ഗവൺമെന്റ് പ്രസ്സിന് സമീപത്തുള്ള ഒരേക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ